(സി) ചേലക്കര നിയോജകമണ്ഡലത്തിലെ ദേശസാൽകൃത റൂട്ടുകളിൽ നടത്തിയിരുന്ന എത്ര ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്;

(ഡി) ഈ സർവ്വീസുകൾ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഹർജികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇരുപതോളം ഷെഡ്യൂളുകൾ റദ്ദാക്കിയിട്ടുണ്ട്.

(ബി) ശരാശരിയിൽ കുറഞ്ഞ വരുമാനമാണ് ലഭിച്ചിരുന്നത്.

(സി) തൃശ്ശൂരിൽനിന്നും നാലും ഗുരുവായൂരിൽനിന്നും രണ്ടും പാലായിൽനിന്നും വടക്കാഞ്ചേരിയിൽനിന്നും ഓരോ ഷെഡ്യൂളുകളും അടക്കം ആകെ എട്ടു ഷെഡ്യൂളുകൾ. വരുമാന നഷ്ടം മൂലമാണ് ഇവ നിർത്തേണ്ടി വന്നത്.

(ഡി ആന്റ് ഇ) ഹർജികൾ ലഭിക്കുകയും സാധ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വരുമാനം കുറഞ്ഞ ഓർഡിനറി സർവ്വീസുകൾ ചിലത് നിർത്തേണ്ടി വന്നാലും ബഹുജന താല്പര്യം മുൻനിർത്തി ഗുരുവായൂർ-പട്ടാമ്പി, (കുന്നംകുളം പെരിങ്ങോട് വഴി) ഗുരുവായൂർ-തൃശ്ശൂർ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, മാള-ചോറ്റാനിക്കര, മാള-തൃശ്ശൂർ, തൃശ്ശൂർ-പൊന്നുക്കര (ദീർഘിപ്പിക്കൽ) തൃശ്ശൂർ-തിരുവനന്തപുരം സൂപ്പർ ഡീലക്സ് എന്നിങ്ങനെ നിരവധി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം

112 [566] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാം കമ്പനികളുടെതാണെന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. എത്ര രൂപയുടെ സ്പെയർ പാർട്സുകൾ ഈ കാലയളവിൽ വാങ്ങിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ കേടുവന്ന ഉപകരണങ്ങൾ വിൽപ്പന നടത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ഇ) ഈ കാലയളവിൽ കേടുവന്ന ബസ്സുകളും ഉപകരണങ്ങളും വിൽപ്പന നടത്തിയ വകയിൽ എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 801 ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

(ബി) അശോക് ലൈലാന്റ്, ടാറ്റാ, ഐഷർ, വോൾവോ ഇന്ത്യ ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നാണ് വാങ്ങിയത്.

(സി) 41 കോടി രൂപയുടെ സ്പെയർ പാർട്ട്സുകൾ വാങ്ങിയിട്ടുണ്ട്.

(ഡി) ടെൻഡർ വിളിക്കുകയും, പരസ്യലേലം നടത്തുകയും ചെയ്യുന്നു. ഇതിൽ ഏറ്റവും കൂടുതൽ തുക നൽകുന്നവർക്കാണ് വിൽപ്പന നടത്തുന്നത്.

(ഇ) 11 കോടി രൂപ ലഭിച്ചിട്ടുണ്ട്.

പുതിയ ബസ്സുകൾ വാങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി. പാലിക്കുന്ന നടപടിക്രമങ്ങൾ

113 [567] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്;

(ബി) ഇപ്പോൾ പുതിയ ബസ്സുകൾ വാങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം ഏതെല്ലാം കമ്പനികളിൽനിന്ന് വാങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയ ബസ്സുകൾ വാങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി. പാലിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള നടപടി ക്രമങ്ങൾ പാലിച്ചു തന്നെയാണോ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങിയിട്ടുള്ളത് എന്നറിയിക്കാമോ;

(ഇ) അല്ലെങ്കിൽ നിലവിലുള്ള നടപടിക്രമങ്ങൾ പാലിക്കാതിരിക്കാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 801 പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. അശോക് ലൈലാന്റ്, ടാറ്റാ, എന്നീ കമ്പനികളിൽ നിന്നായി 342 ബസ്സുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യകത, സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത് അശോക് ലൈലാന്റ്, ടാറ്റാ എന്നീ കമ്പനികളിൽ നിന്നും അവരുടെ ക്വട്ടേഷൻ പ്രകാരം 2:1 എന്ന അനുപാതത്തിലാണ് ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly